# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3091 — 28.01.2014 ൽ - മറുപടിക്ക്

**അനർഹരെ ഒഴിവാക്കിയ ശേഷം ബി.പി.എൽ. ലിസ്റ്റ് പരിഷ്ക്കരണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) നിരവധി അനർഹർ ബി.പി.എൽ. റേഷൻ കാർഡ് സ്വന്തമാക്കിയിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ അനർഹരെ ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെ; എത്ര അനർഹരെ വീതം ഓരോ ജില്ലയിൽ നിന്നും കണ്ടെത്തി ഒഴിവാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 28.02.2011 സ.ഉ. (അച്ചടി) 39/11/ഭ.സി.സ.വ. ഉത്തരവ് പ്രകാരം ബി.പി.എൽ/എ.എ.വൈ. കാർഡുകൾ കൈവശമുള്ള സർക്കാർ, അർദ്ധസർക്കാർ, സഹകരണ മേഖല എന്നിവയിൽ ജോലി നോക്കുന്നവർ കാർഡുടമകളായോ അംഗങ്ങളായോ ഉൾപ്പെട്ടിട്ടുള്ളവരുടെ കാർഡുകൾ എ.പി.എൽ. കാർഡുകളായി മാറ്റി നൽകിയിട്ടുണ്ട്. കൂടാതെ, താലൂക്ക് സപ്ലൈ ഓഫീസർമാർ/റേഷനിംഗ് ഇൻസ്പെക്ടർ അന്വേഷണം നടത്തിയും പത്ര-പ്രസ്താവനകൾ നടത്തിയും അനർഹരുടെ കൈവശമുള്ള ബി.പി.എൽ. കാർഡുകൾ എ.പി.എൽ ആക്കി പരിവർത്തനം ചെയ്യുന്നുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് താഴെ പറയുന്നു. |

| | |
|---|---|
| തിരുവനന്തപുരം | 3,663 |
| കൊല്ലം | 4,660 |
| ആലപ്പുഴ | 5,056 |
| പത്തനംതിട്ട | 1,472 |
| കോട്ടയം | 4,647 |
| ഇടുക്കി | 920 |
| എറണാകുളം | 3,327 |
| തൃശ്ശൂർ | 3,034 |
| പാലക്കാട് | 2,600 |
| മലപ്പുറം | 3,188 |
| കോഴിക്കോട് | 4,129 |
| വയനാട് | 799 |
| കണ്ണൂർ | 3,197 |
| കാസർഗോഡ് | 1,266 |
| ആകെ | 41,958 |

| | | | |
|---|---|---|---|
| (ബി) | അനർഹരായി ഒഴിവാക്കപ്പെട്ടവർക്കു പകരം എത്ര നിലവിലുള്ള എ.പി. എൽ. കാർഡുടമകളെയാണ് ബി.പി. എൽ. - ലേക്ക് മാറ്റി നൽകിയത്; ഇങ്ങനെ മാറ്റി നൽകുന്നതിന് സ്വീകരിച്ച മാനദണ്ഡമെന്താണ്; ഇതിന് ആർക്കാണ് അധികാരം നൽകിയിരുന്നത്; ഇതിനായി സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളുടെ കോപ്പി ഹാജരാക്കാമോ; | (ബി) | 73135 എ.പി.എൽ കാർഡുകാരെ ബി.പി.എൽ കാർഡുകാരാക്കി മാറ്റി നൽകിയിട്ടുണ്ട്. 2009 ലെ ബി.പി.എൽ. പട്ടികയിൽ ഉൾപ്പെട്ടിട്ടുളളവരും അതോടൊപ്പം 27.04.12-ാം തീയതിയിലെ സ.ഉ.(കൈ)നം. 112/2012/ ത.സ്വ.ഭ.വ പ്രകാരം മാരകരോഗങ്ങൾ ബാധിച്ചവർ, വികലാംഗർ, വിധവകൾ, ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവർ, ശരീരം തളർന്നു കിടക്കുന്നവർ എന്നിവർക്ക് ബി.പി.എൽ. കാർഡുകൾ നൽകിവരുന്നു. 05.11.2011 ലെ 38/11/ഭ.സി.സ.വ. നം. ഉത്തരവ് പ്രകാരം 2009 ലെ ബി.പി.എൽ. ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ അന്വേഷിച്ച് അർഹതപ്പെട്ടവർക്ക് ബി.പി.എൽ. കാർഡുകൾ നൽകുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. |
| (സി) | ഓരോ സപ്ലൈ ഓഫീസിനു കീഴിലും, ഫിസിക്കൽ വെരിഫിക്കേഷനുൾപ്പെടെ നടത്തി, അനർഹരായ ബി.പി. എൽ. കാർഡുകാരെ കണ്ടെത്തി അടിയന്തിരമായി അവരുടെ കാർഡുകൾ തിരുത്തുന്നതിനും, അർഹതയുള്ള മുഴുവൻ പേർക്കും ബി.പി.എൽ. കാർഡ് നൽകുന്നതിനും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ? | (സി) | ദേശീയ ഭക്ഷ്യസുരക്ഷാ നിയമം നടപ്പാക്കുന്നതിന്റെ പ്രാരംഭമായി പ്രയോരിറ്റി വിഭാഗങ്ങളെ തിരഞ്ഞെടുക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ നിർദ്ദേശങ്ങളനുസരിച്ചുളള മാനദണ്ഡങ്ങൾ നടപ്പിലാക്കുമ്പോൾ അർഹതയുളള എല്ലാപേരും പരിഗണിക്കപ്പെടും. |

സെക്ഷൻ ഓഫീസർ